## വിജ്ഞാപനം

# സമുദായ ദിനം – 2010

പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായി ആഗോള സഭ ആദരിക്കുന്ന വിശുദ്ധ ഫ്രാൻസിസ് സേവ്യർ വിശുദ്ധ തോമാശ്ലീഹായോടൊപ്പം ഭാരതത്തിന്റെ രണ്ടാമത്തെ അപ്പോസ്തലനാണ്. ലത്തീൻ കത്തോലിക്കർ തിങ്ങിവസിക്കുന്ന കേരളത്തിലെ തീരപ്രദേശങ്ങളിൽ വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കുന്നതിലും അതു പരിപോഷിപ്പിക്കുന്നതിലും നിർണ്ണായകമായ പങ്കുവഹിച്ച വിശുദ്ധനാണദ്ദേഹം. കെ.ആർ.എൽ.സി.സി.യുടെ ആഹ്വാന പ്രകാരം അദ്ദേഹത്തിന്റെ തിരുനാളായ ഡിസംബർ മൂന്നാം തിയതിയോടനുബന്ധിച്ചു വരുന്ന ഞായറാഴ്ച കേരളത്തിലെ പതിനൊന്നു ലത്തീൻ രൂപതകളും സമുദായദിനമായി ആചരിച്ചു വരികയാണ്. സമുദായത്തിന്റെ സമഗ്രമായ വളർച്ചയെയും വികസനത്തെയും കുറിച്ചു ചിന്തിക്കുകയും അതിനായി നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യേണ്ട ഒരു ദിവസമാണ് സമൂദായദിനം. അവകാശപ്പെട്ടതൊക്കെ നേടിയെടുക്കുന്നതിനോടൊപ്പം സഭയും രാഷ്ട്രവും നിക്ഷിപ്തമാക്കുന്ന ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുവാനും സമുദായാംഗങ്ങൾക്ക് കഴിയണം. ഈ സമുദായ ദിനത്തിൽ ഒരു നവജനസമൂഹമായി രൂപപ്പെടുവാനും ക്രിസ്തുവിന്റെ സ്നേഹത്തിന് എല്ലാവരുടെയും മുമ്പിൽ സാക്ഷ്യം വഹിക്കുവാനും വേണ്ട കൃപാവരങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കുകയും അതിനായി നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുത്ത ശേഷം നടക്കുന്ന സമുദായ ദിനമാണിത്. കഴിഞ്ഞ കുറെകാലമായി കെ.ആർ.എൽ.സി.സി.യുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ ലത്തീൻ കത്തോലിക്കരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുപ്പിക്കുകുയം, കഴിയുന്നവരെയൊക്കെ നേതൃത്വ നിരയിലേയ്ക്ക് കൊണ്ടുവരുകയും ചെയ്യാനുതകുന്ന കുറെയേറെ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെയൊക്കെ പ്രയോജനം കിട്ടിയവരും കിട്ടാത്തവരുമുണ്ടാകാം. എങ്കിലും പ്രതീക്ഷിച്ചതിലധികം ലത്തീൻ കത്തോലിക്കർ മത്സര രംഗത്തു കടന്നുവരികയും ധാരാളം പേർ വിജയിക്കുകയും ചെയ്തു കാണുന്നതിൽ വളരെയധികം സന്തോഷം തോന്നുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെ അഭിനന്ദിക്കുന്നതിനോടൊപ്പം അവർ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ സ്തുത്യർഹമായ രീതിയിൽ നിർവ്വഹിക്കുവാൻ വേണ്ട അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ കണ്ടപ്പോൾ ഞാൻ അവരോടു പറഞ്ഞ ചില കാര്യങ്ങളിവയാണ്: അവർ ഇനി ഏതെങ്കിലുമൊരു സമുദായത്തിന്റെയോ സഭയുടേയോ താല്പര്യങ്ങൾക്കു വേണ്ടി മാത്രം നിൽക്കേണ്ടവരല്ല; ജാതിമത ഭേദമന്യേ അവർ ഇനി എല്ലാവരുടെയും സ്വന്തമാണ്. സമുദായാംഗങ്ങളുടെ വോട്ടുമാത്രമായിരുന്നെങ്കിൽ അവരിൽ പലരും ജയിക്കുകയില്ലായിരുന്നു. പല സ്ഥലങ്ങളിലും സമുദായാംഗങ്ങളെക്കാൾ കൂടുതലായി അവരെ പിന്തുണച്ചത് മറ്റു മതങ്ങളിലെയും സമുദായത്തിലെയും അംഗങ്ങളാണ്. അതുകൊണ്ട് ഭരണഘടനയുടെ മതേതരത്വ സ്വഭാവം ഉയർത്തിപ്പിടിച്ചുകൊണ്ട് ജാതി മത വർഗ്ഗ വർണ്ണ പരിഗണനകൾക്കതീതമായി എല്ലാവരെയും ഒരു പോലെ കാണുവാനും തുടർന്നും ഇവരുടെയെല്ലാം പിൻതുണ ഉറപ്പാക്കുവാനും വേണ്ട നേതൃത്വപാടവം ഇവർ വളർത്തിയെടുക്കണം. ലത്തീൻ കത്തോലിക്കരുടെ ഇടയിൽ ഇന്നും കാണുന്ന ഒരു അപാകതയായി ഞാൻ എടുത്തുകാണിച്ചതിതാണ്: സ്ഥാനാർത്ഥികൾ ഏതു ജാതിയിലോ മതത്തിലോ പാർട്ടിയിലോ ഉള്ളവരായിക്കൊള്ളട്ടെ, നിക്ഷിപ്ത താല്പര്യങ്ങൾ വെടിഞ്ഞ്, നാം വിശ്വസിക്കുന്ന മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി, നാം ജീവിക്കുന്ന

സാഹചര്യങ്ങളെയും നേരിടുന്ന പ്രശ്നങ്ങളെയും വേണ്ട വിധത്തിൽ വിലയിരുത്തി, ഒറ്റക്കെട്ടായി വോട്ടവകാശം വിനിയോഗിക്കുവാനും അർഹരായവരെ മാത്രം വിജയിപ്പിക്കുവാനും വേണ്ട രാഷ്ട്രീയ പ്രബുദ്ധത ഇനിയും നാം ആർജ്ജിച്ചെടുത്തിട്ടില്ല. വ്യക്തിവൈരാഗ്യത്തിനും താല്ക്കാലിക നേട്ടങ്ങൾക്കും സമ്മർദ്ദതന്ത്രങ്ങൾക്കും വശംവദരാകുന്നതു കാരണം അവസരങ്ങൾ പാഴാക്കിക്കളയുന്നു. കെട്ടുറപ്പുള്ള ഒരു സമുദായമായി നാം വളരേണ്ടിയിരിക്കുന്നു.

ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇടയലേഖനങ്ങളെ ചൊല്ലിയും സഭയുടെ രാഷ്ട്രീയത്തിലുള്ള ഇടപെടലിനെചൊല്ലിയും ചിലരൊക്കെ ആവശ്യമില്ലാത്ത തെറ്റിദ്ധാരണകളും കോലാഹലങ്ങളുമുണ്ടാക്കാൻ ശ്രമിച്ചു. സഭയുടെയും രാഷ്ട്രത്തിന്റെയും ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തന മണ്ഡലങ്ങളും പരസ്പര പൂരകങ്ങളാണെങ്കിലും വ്യത്യസ്തങ്ങളാണ്. പരിധിവിടുമ്പോൾ സഭയുടെ അതിക്രമങ്ങളെ നിയന്ത്രിക്കാനുള്ള അധികാരം രാഷ്ട്രത്തിനുള്ളതുപോലെ തന്നെ രാഷ്ട്രത്തിന്റെ വഴിവിട്ടുള്ള കടന്നുകയറ്റങ്ങളെ വെളിച്ചത്തു കൊണ്ടുവരുവാനും ചേദ്യം ചെയ്യാനുമുള്ള അവകാശവും കടമയും സഭയ്ക്കുമുണ്ട്. അതുകൊണ്ട് ആവശ്യമായ സന്ദർഭങ്ങളിലൊക്കെ സഭ രാഷ്ട്രീയത്തിൽ ഇടപെടുകതന്നെ ചെയ്യും. എന്നാൽ സഭ കക്ഷിരാഷ്ട്രീയത്തിൽ ഇടപെടാറില്ല. ഏതെങ്കിലും ഒരു വ്യക്തിക്കോ പാർട്ടിക്കോ വോട്ടു ചെയ്യണമെന്ന് പറയാറില്ല. ഇതിനായി ആരുടെമേലും ഒരു തരത്തിലുള്ള സമ്മർദ്ദവും ചെലുത്താറില്ല. അതിന്റെ പേരിൽ ആരെയും ശിക്ഷിക്കാറുമില്ല. മൂല്യാധിഷ്ഠിതവും പ്രശ്നാധിഷ്ഠിതവുമായ സമദൂരം എന്ന കെ.ആർ.എൽ.സി.സി.യുടെ നയം തന്നെയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിലും നാം പാലിച്ചത്. സ്ഥാനാർത്ഥികളെ നിശ്ചയിച്ചപ്പോൾ സമുദായത്തിന് അർഹമായ പ്രാതിനിധ്യം കിട്ടാൻ രാഷ്ട്രീയ കാര്യ സമിതി ശ്രമിച്ചിട്ടുണ്ട്. മൂല്യങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള ചില നിഗൂഢ ശ്രമങ്ങൾക്കെതിരെ ജാഗരൂകരായിരിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയുണ്ടായി. സംശയങ്ങൾ നിവാരണം ചെയ്യുവാനും തെറ്റുകൾ തിരുത്തുവാനും മാന്യമായ മാർഗ്ഗങ്ങളും നിയമാനുസൃതവുമായ സംവിധാനങ്ങളുമുണ്ട്. അതല്ലാതെ സഭയ്ക്കെതിരായി സത്യവിരുദ്ധമായ ആരോപണങ്ങളുന്നയിക്കുകയും നാലുപേരെ വിളിച്ചുകൂട്ടി ഇടയലേഖനങ്ങൾ കത്തിക്കുകയും ചെയ്തുകൊണ്ട് പൊതുജനത്തിന്റെ കണ്ണിൽ പൊടിയിടാമെന്ന് കരുതുന്നത് തികഞ്ഞ അബദ്ധമായിരിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനേക്കാൾ പ്രാധാന്യമർഹിക്കുന്നതാണ് ഇനിയുള്ള അവയുടെ പ്രവർത്തനങ്ങൾ. വിജയിച്ചവരിൽ നല്ലൊരു ഭാഗവും പുതുമുഖങ്ങളാണ്. ജനപ്രതിനിധികളെന്നതു പോലെ തന്നെ ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾ തിരിച്ചറിയുന്നതിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും വിലയിരുത്തുന്നതിലും ജനങ്ങൾക്കും വലിയൊരു പങ്കുവഹിക്കാനുണ്ട്. ഇതിനു വേണ്ട ബോധവല്ക്കരണവും വൈദഗ്ധ്യവും ജനപ്രതിനിധികളും ജനങ്ങളും ആർജ്ജിച്ചെടുക്കേണ്ടിയിരിക്കുന്നു. 'കില' (K.I.L.A) പോലുള്ള സർക്കാർ സംവിധാനങ്ങൾ ഇതിനുവേണ്ട പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്; ഏതു ഘട്ടത്തിലും വേണ്ട സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്. ഇവയൊക്കെ വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ നമുക്കാവണം. സാധിക്കുന്ന മേഖലകളിലൊക്കെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സജ്ജീവമാക്കാനും ഒന്നുകൂടി മെച്ചപ്പെടുത്തുവാനും വേണ്ടി നമ്മുടെ അതിരൂപതാ സാമൂഹ്യ ശുശ്രൂഷാ സമിതിയുടെ കീഴിൽത്തന്നെ ഒരു പ്രത്യേക വകുപ്പു തുടങ്ങുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ലത്തീൻ സമുദായത്തിന്റെ വളർച്ചയ്ക്കും വികസനത്തിനുമായി രൂപീകരിച്ച ഒരു സമിതിയാണ് കെ.ആർ.എൽ.സി.സി. അല്മായർ ഭൂരിപക്ഷമുള്ള ഒരു നയരൂപീകരണ സമിതിയാണിത്. ഇതിന്റെ വിജയം കേരളത്തിലെ ഓരോ ലത്തീൻ കത്തോലിക്കനും ഇതിനു നല്കുന്ന അംഗീകാരത്തെയും

സഹകരണത്തെയും ആശ്രയിച്ചിരിക്കും. ഏതു പ്രസ്ഥാനത്തിനും ആരംഭദിശയിൽ കുറവുകൾ ധാരാളമുണ്ടാകും. എല്ലാവരും സഹകരിച്ചാൽ ക്രമേണ ഈ കുറവുകൾ നികത്തി മുന്നോട്ടുപോകുവാൻ സാധിക്കും. മാറിനിന്നാൽ ഉള്ളതും ഇല്ലാതാവുകയേ ഉള്ളൂ. അതുകൊണ്ട് സമുദായത്തോടുള്ള പ്രതിബദ്ധതയോടും ത്യാഗമനോഭാവത്തോടുംകൂടി എല്ലാവരും കെ.ആർ.എൽ.സി.സി. യുടെ എല്ലാ സംരംഭങ്ങളെയും വിജയിപ്പിക്കുവാൻ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കഴിഞ്ഞ ജൂലയ് മാസം തിരുവനന്തപുരത്തുവച്ചു നടന്ന അർദ്ധവാർഷിക സമ്മേളനത്തിൽ ചർച്ച ചെയ്തശേഷം കെ.ആർ.എൽ.സി.സിയുടെ പേരിൽ 23 അടിയന്തിര ആവശ്യങ്ങളടങ്ങുന്ന ഒരു അവകാശ പത്രിക മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രിമാർക്കും നൽകുകയുണ്ടായി. ഈ അവകാശങ്ങൾ നേടിയെടുക്കാനുള്ള പരിശ്രമങ്ങളും നടക്കുന്നുണ്ട്. ഏതാനും ദിവസങ്ങൾകൊണ്ട് സാധിക്കുന്ന ഒന്നല്ലല്ലോ ഇത്. തുടർച്ചയായുള്ള ശ്രമങ്ങളും സമുദായാംഗങ്ങളുടെ ശക്തമായ പിൻതുണയും കൂടാതെ കാര്യമായിട്ടൊന്നും ചെയ്യാനാവില്ല. എല്ലാവരുടെയും അറിവിലേയ്ക്കായും സഹായസഹകരണങ്ങൾക്കായും ഈ അവകാശപത്രികയുടെ കോപ്പി ഇതോടൊപ്പം ഓരോ ഇടവകയ്ക്കും അയക്കുന്നു. സമുദായദിനത്തോടനുബന്ധിച്ച് പാരിഷ്കൗസിൽപോലുള്ള സമിതികളിലും, സാധിക്കുന്നവിധത്തിൽ ഇതിന്റെ കോപ്പികൾ വിതരണം ചെയ്ത് നമ്മുടെ ബി.സി.സി.കളിലും ഇതേക്കുറിച്ച് ചർച്ചചെയ്ത് പ്രതികരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അറിയിക്കുന്നത് ഉചിതമായിരിക്കും.

മറ്റു സമുദായങ്ങൾക്കൊപ്പം ലത്തീൻ സമുദായത്തെയും സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുവാനും ഭാവിയിൽ നല്ലൊരു നേതൃത്വനിര വാർത്തെടുക്കുവാനും സാധിക്കണമെങ്കിൽ അടിയന്തിരമായി നാം ശ്രദ്ധ പതിപ്പിക്കേണ്ടത് നമ്മുടെ യുവജനങ്ങളിലാണ്. അവരിൽ വിശ്വാസ ചൈതന്യം ആഴമാക്കുകയും മൂല്യബോധം വളർത്തുകയും ചെയ്യുന്നതിനോടൊപ്പംത്തന്നെ സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിൽ ആത്മവിശ്വാസത്തോടെ കടന്നുവരാനാവശ്യമായ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും അവർക്കു നല്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഈ വരുന്ന ജനുവരി മാസം നടക്കാൻപോകുന്ന കെ.ആർ.എൽ.സി.സിയുടെ അർദ്ധവാർഷിക സമ്മേളനത്തിലെ പഠനങ്ങളും ചർച്ചകളും യുവജനങ്ങളെ കേന്ദ്രീകരിച്ചായിരിക്കും. ഈ അടുത്തകാലത്ത് ദേശീയതലത്തിൽ നടന്ന പഠനങ്ങളുടെ വെളിച്ചത്തിൽ 2007-ൽ യുവജനങ്ങളെക്കുറിച്ച് നാം തന്നെ പുറപ്പെടുവിച്ച നയരേഖ വിലയിരുത്തുവാനും, അതിന്റെ അടിസ്ഥാനത്തിൽ ചില കർമ്മ പരിപാടികൾ രൂപീകരിച്ചു നടപ്പിലാക്കാനുമുള്ള ഒരവസരം കൂടിയായിരിക്കും ഇത്. ഈ സംരംഭത്തിന്റെ വിജയത്തിനായി ഓരോ ഇടവകയിലെയും യുവജനങ്ങളുടെ മാത്രമല്ല അവരുമായി ബന്ധപ്പെട്ട അവരുടെ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും വൈദികരുടെയും സന്യസ്തരുടെയും ഉത്തരവാദിത്വപ്പെട്ട എല്ലാവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു. പഠനത്തിനും ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കുമായി യുവജന നയരേഖയുടെ ഒരു കോപ്പി സാവകാശം എല്ലാ ഇടവകകൾക്കും അയച്ചു തരുന്നതായിരിക്കും.

സമുദായദിനത്തിന്റെ എല്ലാ ആശംസകളും ഞാൻ നിങ്ങൾക്ക് സ്നേഹപൂർവ്വം നേരുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ ദൈവം തന്റെ അനുഗ്രഹാശിസ്സുകൾകൊണ്ട് നാമേവരെയും സമ്പന്നരാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു

സ്നേഹത്തോടെ

+ സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

**N.B.** ഈ വിജ്ഞാപനം സമുദായദിനമായ 2010 ഡിസംബർ മാസം 5-ാം തിയതി ദിവ്യബലിയുടെ അവസാനം വായിക്കേണ്ടതാണ്.